പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4887

5-2-2014-ൽ മറുപടിക്ക്

## സ്ഥിരം കെട്ടിട നമ്പർ നൽകാൻ നടപടി

ചോദ്യം

ശ്രീമതി.പി.അയിഷാ പോറ്റി:

(എ) സംസ്ഥാനത്തെ കെട്ടിടങ്ങളിൽ പതിച്ചിരിക്കുന്ന വ്യത്യസ്ത വർഷങ്ങളിലെ കെട്ടിട നമ്പരുകൾ കാരണം ഉടമകളും കെട്ടിട കൈവശക്കാരും വിവിധ സേവനങ്ങൾക്ക് പഞ്ചായത്ത് ആഫീസുകളെ സമീപിക്കുമ്പോൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ഉത്തരം

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 93-94 മുതൽ പ്രാബല്യത്തിലുള്ള അസ്സസ്സ്മെന്റ് രജിസ്റ്ററുകൾ പ്രകാരമുള്ള നമ്പരുകളാണ് ഇപ്പോഴും പ്രാബല്യത്തിലുള്ളത്. 93-94 ന് ശേഷം വാർഡ് ഡിവിഷനോടനുബന്ധിച്ചും, വസ്തു നികുതി പരിഷ്കരണത്തിന് വേണ്ടിയും നമ്പരുകൾ പതിച്ചെങ്കിലും, പ്രസ്തുത നമ്പരുകൾ ഉൾപ്പെടുത്തിയുള്ള അസ്സസ്സ്മെന്റ് രജിസ്റ്റർ അന്തിമമായി പ്രാബല്യത്തിലാക്കുന്നതിന് കഴിഞ്ഞിരുന്നില്ല. ഏറ്റവും ഒടുവിലായി 2010-ലെ വാർഡ് ഡിവിഷന്റെ ഭാഗമായി 20-10-11 ലെ സ.ഉ. 2414/2011/തസ്വഭവ നം. ഉത്തരവ് പ്രകാരം നമ്പരുകൾ പതിച്ച് വിവരശേഖരണം നടത്തി വസ്തു നികുതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഈ പ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള അസ്സസ്സ്മെന്റ് രജിസ്റ്റർ പല പഞ്ചായത്തുകളിലും നിലവിൽ വന്നു കഴിഞ്ഞു. ശേഷിക്കുന്ന പഞ്ചായത്തുകളിലും ഈ പ്രവൃത്തി പൂർത്തിയാകുന്നതോടെ ഇപ്പോൾ പതിച്ചിരിക്കുന്ന നമ്പരുകൾ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രാബല്യത്തിൽ വരുന്നതാണ്. അതോട് കൂടി ഇത് സംബന്ധിച്ച സംശയങ്ങളും പ്രയാസങ്ങളും ഒഴിവാകുന്നതാണ്. മാത്രമല്ല ഗ്രാമ

പഞ്ചായത്തുകളുടെ അസ്സസ്സ്മെന്റ് രജിസ്റ്റർ ഡിമാന്റ് രജിസ്റ്റർ കമ്പ്യൂട്ടർ വൽക്കരിക്കാനുളള നടപടികളും അടിയന്തിരമായി പൂർത്തീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ കെട്ടിടങ്ങൾക്ക് സ്ഥിരം നമ്പർ ലഭ്യമാക്കുന്നതിനുളള നടപടികൾ സ്വീകരിക്കുമോ ;

(ബി) .1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം വസ്തു നികുതി ഓരോ അഞ്ചുവർഷ കാലയളവിന് ശേഷവും പുതുക്കി നിശ്ചയിക്കേണ്ടതിനാലും ഗ്രാമ പഞ്ചായത്തുകളിൽ വാർഡ് വിഭജനം നടത്തേണ്ട സാഹചര്യം വരുമ്പോഴും കെട്ടിട നമ്പർ പുതുക്കി നൽകേണ്ടതിനാൽ ഗ്രാമപഞ്ചായത്തുകളിൽ കെട്ടിടങ്ങൾക്ക് കാലാകാലങ്ങളിൽ നമ്പർ പുതുക്കി നൽകേണ്ടിവരുന്നുണ്ട്.

(സി) കെട്ടിട നമ്പരുകൾ കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃംഖലയിലേക്ക് മാറ്റി കെട്ടിട നികുതി സമാഹരണം ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) ഐ.കെ.എം. ന്റെ സഞ്ചയാ സോഫ്റ്റ് വെയർ മുഖാന്തിരം കെട്ടിട നമ്പർ കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃംഖലയിലേക്ക് മാറ്റി കെട്ടിട നികുതി സമാഹരണം ഏകീകരിക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു.

സെക്ഷൻ ഓഫീസർ